നിങ്ങളിലൊരു ബ്രാഹ്മണനുണ്ട് : ജീവൻജോബ് തോമസ്

ഡി സി ബുക്സ്

# പച്ചക്കുതിര

2011 ഏപ്രിൽ | ₹ 12 രൂപ



# പെണ്ണിരകളുടെ തെരുവ്

പൊതുനിരത്തിലും വാഹനങ്ങളിലും
നേരിടേണ്ടിവന്ന ലൈംഗികപീഡനങ്ങളെപ്പറ്റി
നാലു പെണ്ണുങ്ങൾ

കൊടുംതീവ്രവാദിയായി ചൈനീസ് ഭരണകൂടം വിശേഷിപ്പിക്കുന്ന
ഡോൾകുൻ ഇസ, പ്രവാസിയായ ഫലസ്തീൻ കവയിത്രി നദാലി ഹൻദാൽ
എന്നിവരുമായി അഭിമുഖസംഭാഷണം

ഡോൾകുൻ ഇസ/സേതുദാസ്



ഡോൾകുൻ ഇസ (വലത്ത്), അഭിമുഖകാരനോടൊപ്പം

# അക്രമം ഒരു അടഞ്ഞ തെരുവ്

**ചൈനീസ് അധികാരികൾ ഉഗ്യുർ ജനതയുടെ സമാധാനപരമായ രാഷ്ട്രീയ-മതപര-സാംസ്കാരിക പ്രവർത്തനങ്ങളെ എന്നും 'മൂന്ന് തിൻമ'കളുമായി തുലനപ്പെടുത്തിയാണ് പറയുന്നത്. അതായത് ഭീകരവാദം, വിഘടനവാദം, മത തീവ്രവാദം എന്നിവയുമായി. ഈ 'മൂന്ന് തിൻമകളെ' ഇല്ലാതാക്കാനെന്ന പേരിൽ അവർ ഉഗ്യുറുകളെ പീഡിപ്പിക്കുകയാണ്. അതിനാൽ ഉഗ്യുറുകളെപ്പറ്റിയും അവരുടെ പോരാട്ടങ്ങളെപ്പറ്റയും തെറ്റായ ധാരണകൾ ബാഹ്യലോകത്ത് വികസിച്ചിട്ടുണ്ട്:ഏറ്റവും അപകടകാരിയായ പതിനൊന്ന് തിവ്രഖാദികളിൽ ഒരാളായി ചൈനീസ് ഭരണകൂടം വിശേഷിപ്പിക്കുന്ന ഡോൾകുൻ ഇസ സംസാരിക്കുന്നു.**

**ചൈനീസ്** ഭരണകൂടത്തിന് ഭീകരവാദിയാണ് ഡോൾകുൻ ഇസ. 'രാജ്യ'ത്തെ ഏറ്റവും അപകടകാരിയായ പതിനൊന്ന് കൊടും തീവ്രവാദികളിൽ ഒരാൾ. ചൈനയിലെ സിൻജിയാങ്-ഉഗ്യുർ സ്വയംഭരണ മേഖലയിൽ 'കിഴക്കൻ തുർക്കിസ്ഥാൻ വിമോചന സംഘടന'യുടെ പേരിൽ ഭീകര പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നുവെന്നതാണ് ഡോൾകുൻ ഇസയ്ക്കുമേൽ ആരോപിക്കപ്പെടുന്ന കുറ്റം.

. ചൈനയ്ക്കുള്ളിൽ, കിഴക്കൻ തുർക്കിസ്ഥാനിൽ നടന്നുവരുന്ന വിമോചനപോരാട്ടങ്ങളെക്കുറിച്ച്

ലോകത്തിന് അധികം അറിവില്ല. അവർ ഏതു ജനതയെന്നത് പരിഗണനാവിഷയമായിട്ടുണ്ടെന്നും തോന്നുന്നില്ല. കിഴക്കൻ തുർക്കിസ്ഥാനിലെ (സിൻജിയാങ്-ഉഗ്യൂർ സ്വയംഭരണ മേഖല) ജനങ്ങൾ ചൈനക്കാരല്ല. തുർക്കികളാണ്. മധ്യഏഷ്യയിൽ നിന്ന് ഉദയം ചെയ്ത, തുർക്കിഭാഷ സംസാരിക്കുന്നവരുടെ ദേശമാണിത്. ചൈനീസ് അധികാരികൾ പറയുന്നത് ആകെ 90 ലക്ഷം ഉഗ്യൂറുകളേയുള്ളൂവെന്നാണ്. എന്നാൽ, രണ്ടുകോടി വരുമത്രെ ഉഗ്യൂർ മുസ്‌ലിം ജനങ്ങളുടെ എണ്ണം. 200 വർഷങ്ങൾക്കിടയിൽ പലവട്ടം കിഴക്കൻ തുർക്കിസ്ഥാനെ ചൈന അധിനിവേശപ്പെടുത്തിയിട്ടുണ്ട്. 1949-ലാണ് അവസാന അധിനിവേശം നടക്കുന്നത്. ശരിക്കും പറഞ്ഞാൽ മാവോയുടെ നേതൃത്വത്തിൽ കമ്യൂണിസ്റ്റ് പാർട്ടി ചൈനയിൽ അധികാരത്തിലേറുന്നതോടെയാണ് ഉഗ്യൂർ ജനതയുടെ ദുരിതം തുടങ്ങുന്നത്. ചൈനീസ് ജനകീയ വിമോചന സേന (പി.എൽ.എ) കിഴക്കൻ തുർക്കിസ്ഥാൻ റിപ്പബ്ലിക്കിന്റെ സ്വാതന്ത്ര്യം അവസാനിപ്പിച്ച്, കടന്നു കയറി. അതിനുശേഷം ആറുപതിറ്റാണ്ടായി ഉഗ്യൂറുകളും കുടിയേറ്റക്കാരായ ഹാൻ ചൈനീസ് വംശജരും തമ്മിൽ പോരാട്ടം നടക്കുകയാണ്. ഹാൻ വംശത്തിന്റെ ചിട്ടയായ അധിനിവേശം ഉഗ്യൂർ ജനതയെ സ്വന്തം മണ്ണിൽ ന്യൂനപക്ഷമാക്കിക്കൊണ്ടിരിക്കുകയാണ്. 1955-ൽ ചൈനീസ് കമ്യൂണിസ്റ്റ് പാർട്ടി ഉഗ്യൂറുകൾക്ക് സ്വയംഭരണം വാഗ്ദാനം ചെയ്യുകയും സിൻജിയാങ്- ഉഗ്യൂർ സ്വയംഭരണമേഖല സൃഷ്ടിക്കുകയും ചെയ്തു.

ഉഗ്യൂറുകളുടെ പോരാട്ടത്തെ നയിക്കുന്നത് ലോക ഉഗ്യൂർ കോൺഗ്രസ് (ഡബ്ള്യു.യു.സി) ആണ്. സംഘടനയുടെ നേതൃത്വം ഡോൾകുൻ ഇസയ്ക്കാണ്. അദ്ദേഹമാണ് സെക്രട്ടറി ജനറൽ. ചൈനീസ് തടവറയിൽ അഞ്ചുവർഷക്കാലം ഏകാന്ത തടവിലടക്കപ്പെട്ട റബിയ കദീർ എന്ന വനിതാ നേതാവാണ് 2004 ൽ മ്യൂണിക്കിൽ സംഘടന രൂപീകരിച്ചത്. സ്വാതന്ത്ര്യവും ജനാധിപത്യവുമാണ് മുദ്രാവാക്യം. സിൻജിയാങ് സർവകലാശാലയിൽ 1984 മുതൽ 1988 വരെ ഫിസിക്സ് വിദ്യാർത്ഥിയായിരുന്നു ഡോൾകുൻ. ആണവ പരീക്ഷണങ്ങൾക്കെതിരെയായിരുന്നു ആദ്യ പ്രകടനം. 1964 മുതൽ 1996വരെ കിഴക്കൻ തുർക്കിസ്ഥാനിൽ 46 തവണ ചൈന ആണവപരീക്ഷണം നടത്തിയിട്ടുണ്ട്. മുപ്പതിനായിരം പേർ ആണവവികിരണമേറ്റു മരിച്ചുവെന്ന വസ്തുത ഭരണകൂടം ഒളിപ്പിച്ചു. ഇതിനെതിരെയുള്ള പ്രതിഷേധം വലിയ തോതിൽ ഉഗ്യൂറുകളെ ചലിപ്പിച്ചു. കസാക്കുകൾ, ഉഗ്യൂറുകൾ, താജിക്കുകൾ എന്നിവർക്കു നേരെയുള്ള വിവേചനം അവസാനിപ്പിക്കാനായിരുന്നു മറ്റൊരു പ്രകടനം.

1988-ലെ വിദ്യാർത്ഥി പ്രക്ഷോഭകാലത്ത് സർവകലാശാലയിൽ നടന്ന ജനാധിപത്യ അനുകൂല പ്രക്ഷോഭത്തിന്റെ നേതാവായിരുന്നു ഡോൾകുൻ. അവിടെ പടുകൂറ്റൻ പ്രകടനങ്ങൾ സംഘടിപ്പിച്ചു. അതോടെ സർവകലാശാലയിൽനിന്ന് പുറത്തായി. തുടർന്ന് തുർക്കിയിലെ ഗാസി സർവകലാശാലയിൽ ചേർന്ന് രാഷ്ട്രതന്ത്രത്തിലും സോഷ്യോളജിയിലും മാസ്റ്റർ ബിരുദം നേടി. ഭരണകൂടം പ്രവർത്തനങ്ങളെ നിയന്ത്രിക്കുകയും നിരീക്ഷിക്കുകയും ചെയ്തിരുന്നുവെങ്കിലും ഉഗ്യൂർ ജനതയുടെ അവകാശങ്ങൾക്കുവേണ്ടി ഡോൾകുൻ പോരാട്ടം തുടർന്നു. ഇപ്പോൾ രാജ്യത്തിനു പുറത്തുനിന്ന് വിമോചന പോരാട്ടത്തെ നയിക്കുകയാണ് അദ്ദേഹം.

ലോകത്തിലെ ഏറ്റവും ശക്തമായ സൈനിക ഭരണാധികാരത്തോടാണ് ഉഗ്യൂറുകൾ എതിരിടുന്നത്. മൃഗീയ അടിച്ചമർത്തലിനെയും സാംസ്കാരിക കൂട്ടക്കൊലയെയും അതിജീവിച്ച്, പരാജയപ്പെടാൻ വിസമ്മതിച്ച് ഉഗ്യൂർ ജനത നിലകൊള്ളുന്നു. 2009 ൽ അവർ വലിയ ഉയർത്തെഴുന്നേൽപ്പ് സംഘടിപ്പിച്ചു. ഭീകരമായ സൈനിക അടിച്ചമർത്തലായിരുന്നു പിന്നീട് ലോകം കണ്ടത്. ഔദ്യോഗിക കണക്കുപ്രകാരം 197 പേർ കൊല്ലപ്പെട്ടു. എന്നാൽ, യഥാർത്ഥ മരണസംഖ്യ ആയിരം കവിയും.

ഉഗ്യൂർ ആസ്ഥാനത്ത് വച്ചാണ് ഡോൾകുൻ ഇസയുമായി ഈ കൂടിക്കാഴ്ച നടക്കുന്നത്. കൊടും തീവ്രവാദിയെന്ന് വിശേഷിപ്പിക്കപ്പെട്ടയാൾ കാഴ്ചയിൽ സൗമ്യൻ. മാന്യമായ പെരുമാറ്റം. സംസാരം തികഞ്ഞ നയതന്ത്രജ്ഞതയോടെ. ചൈനീസ് മാധ്യമങ്ങളും ഭരണകൂടവും വിശേഷിപ്പിക്കുന്നതിൽനിന്ന് തീർത്തും വ്യത്യസ്തനായ ഒരു ജനനായകനെയാണ് നേരിൽ കാണാനായത്. ഡോൾകുനുമായി നടത്തിയ ഹ്രസ്വ സംഭാഷണത്തിന്റെ പ്രസക്ത ഭാഗങ്ങൾ ചുവടെ:

സേതുദാസ്: കിഴക്കൻ തുർക്കിസ്ഥാന്റെ തലസ്ഥാനമായ ഉറുമാച്ചിയിൽ 2009 ൽ നടന്ന ഉയർത്തെഴുന്നേൽപ്പിനുശേഷം ചൈനീസ് ഭരണകൂടം ശക്തമായ അടിച്ചമർത്തൽ നടത്തുന്നതായി അറിയാം. എന്താണ് ഉഗ്യൂർ ജനതയുടെ ഇപ്പോഴത്തെ അവസ്ഥ?

ഡോൾകുൻ ഇസ: ഉറുമാച്ചിയിലെ ഉയർത്തെഴുന്നേൽപ്പിനുശേഷം ചൈനീസ് ഭരണകൂടം ഉഗ്യൂർ ജനതയ്ക്കെതിരെയുള്ള യുദ്ധം ശക്തമാക്കിയിരിക്കുകയാണ്. 1,30,000 സൈനികരെ മേഖലയിലേക്ക് അയച്ചിട്ടുണ്ട്. വർഷങ്ങളായി ചൈനീസ് സർക്കാർ ഉഗ്യൂർ വിമത നീക്കത്തിന്റെ എല്ലാ രൂപങ്ങൾക്കെതിരെയും നിഷ്ഠൂരമായ അടിച്ചമർത്തൽ നടത്തിക്കൊണ്ടിരിക്കുകയാണ്. ഉഗ്യൂർ ജനതയുടെ സമാധാനപരമായ സ്വാതന്ത്ര്യ പ്രവർത്തനങ്ങളെ കടുത്ത രീതിയിലാണ് ചൈന നേരിടുന്നത്. എല്ലാത്തരത്തിലുമുള്ള മതപ്രവർത്തനങ്ങളും അടിച്ചമർത്തുകയാണ്. കൂടാതെ ഉഗ്യൂർ സംസ്കാരത്തെയും സ്വത്വത്തെയും ഇല്ലാതാക്കാനും, ഉഗ്യൂർ ഭാഷയുടെ നിലനിൽപുതന്നെ അപകടത്തിലാക്കാനുമുള്ള ശ്രമങ്ങൾ തുടരുന്നു. ഉഗ്യൂർ മേഖലയിലെ മനുഷ്യാവകാശ സാഹചര്യം 2009 ലെ സംഭവങ്ങൾക്കുശേഷം വളരെയധികം മോശമായിട്ടുണ്ട്. ആംനെസ്റ്റി ഇന്റർനാഷണൽ, ഹ്യൂമൻ റൈറ്റ്സ് വാച്ച് തുടങ്ങിയ അന്താരാഷ്ട്ര മനുഷ്യാവകാശ സംഘടനകൾ ഈ സാഹചര്യങ്ങളെ വിശദമായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇന്ന് കിഴക്കൻ തുർക്കിസ്ഥാനിലെ ഉഗ്യൂറുകൾ ജീവിതത്തിന്റെ എല്ലാ മേഖലകളിലും കടുത്ത നിരീക്ഷണത്തിനു വിധേയരാണ്. അക്ഷരാർത്ഥത്തിൽ സ്വതന്ത്രമായി ശ്വാസംവിടാൻപോലും അവിടെ ഒരു സാധ്യതയുമില്ല.

? കിഴക്കൻ തുർക്കിസ്ഥാന്റെ പ്രശ്നത്തിന് സംവാദങ്ങളിലൂടെയും കൂടിയാലോചനകളിലൂടെയും സമാധാനപരമായ പരിഹാരം സാധ്യമാക്കുകയാണ് ലോക ഉഗ്യൂർ കോൺഗ്രസ്സിന്റെ മുഖ്യ ലക്ഷ്യം. ലോകത്തിലെ ഏറ്റവും ശക്തമായ ഒരു സൈനിക ഭരണകൂടത്തോട് എതിരിടുമ്പോൾ താങ്കൾ 'ചർച്ചകളെ'പ്പറ്റി എത്രത്തോളം ശുഭാപ്തി വിശ്വാസിയാണ്?

• ലോക ഉഗ്യൂർ കോൺഗ്രസും അതിന്റെ നേതാക്കളും പരസ്യമായി ചൈനീസ് അധികാരികളോട് ആവശ്യപ്പെട്ടത് കിഴക്കൻ തുർക്കിസ്ഥാനിലെ സംഘർഷാവസ്ഥയ്ക്ക് പരിഹാരം കാണാൻ ഉഗ്യൂറുകളുമായി ചർച്ചകളാരംഭിക്കണമെന്നാണ്. 2010 ഏപ്രിലിൽ ബ്രസ്സൽസിലും ബൽജിയത്തിലും യൂറോപ്യൻ പാർലമെന്റിൽ നടന്ന അന്താരാഷ്ട്ര സമ്മേളനത്തിലുമെല്ലാം ഞങ്ങൾ ഇതാവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ, ചൈനീസ് അധികാരികൾ

ഈ നിർദേശത്തോടു പ്രതികരിച്ചിട്ടില്ല. അവരത് സമീപ ഭാവിയിൽ ചെയ്യുമെന്നും ഞാൻ കരുതുന്നില്ല. അതിനാൽ ഔദ്യോഗിക സംഭാഷണത്തെപ്പറ്റിയുള്ള ഞങ്ങളുടെ കാഴ്ചപ്പാടുകൾ ഇപ്പോൾ അശുഭാപ്തികരമാണ്. എന്നാൽ, ഞങ്ങൾ ഈ നിർദേശങ്ങളിൽ ഉറച്ചുനിൽക്കുകയും അക്രമരഹിതവും ജനാധിപത്യപരവുമായ മാർഗങ്ങളിലൂടെ സമരം തുടരുകയും ചെയ്യും.

? റബിയ കദീറിന്റെ നേതൃത്വത്തിലുള്ള ഉഗ്യൂർ ജനതയുടെ സമാധാന ശ്രമങ്ങൾക്ക് വിരുദ്ധമായി കിഴക്കൻ തുർക്കിസ്ഥാനിലെ പോരാട്ടം അക്രമാസക്തമായി തുടരുകയാണ്. കിഴക്കൻ തുർക്കിസ്ഥാനിലെ ജനങ്ങളും ഉഗ്യൂർ നേതാക്കൾ സ്വീകരിച്ച പാതയും തമ്മിൽ വൈരുദ്ധ്യമുള്ളതായി തങ്ങൾക്കു തോന്നുന്നുണ്ടോ?

• കിഴക്കൻ തുർക്കിസ്ഥാനിനുള്ളിലെ സമരങ്ങൾ അക്രമാസക്തമല്ല. ശരിയാണ്, അവിടെ മുമ്പ് ചില അക്രമാസക്തമായ പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. പക്ഷേ, അവ വ്യക്തിപരമായ തലത്തിലാണ് നടന്നത്. അതിന് ഉഗ്യൂർ ജനതയുടെ മൊത്തത്തിലുള്ള പിന്തുണയുണ്ടായിരുന്നില്ല. ചൈനീസ് അധികാരികൾ ഉഗ്യൂർ ജനതയുടെ സമാധാനപരമായ രാഷ്ട്രീയ-മതപര-സാംസ്കാരിക പ്രവർത്തനങ്ങളെ എന്നും 'മൂന്ന് തിൻമ'കളുമായി തുലനപ്പെടുത്തിയാണ് പറയുന്നത്. അതായത് ഭീകരവാദം, വിഘടനവാദം, മത തീവ്രവാദം എന്നിവയുമായി. ഈ 'മൂന്ന് തിൻമകളെ' ഇല്ലാതാക്കാനെന്ന പേരിൽ അവർ ഉഗ്യൂറുകളെ പീഡിപ്പിക്കുകയാണ്. അതിനാൽ ഉഗ്യൂറുകളെപ്പറ്റിയും അവരുടെ പോരാട്ടങ്ങളെപ്പറ്റയും തെറ്റായ ധാരണകൾ ബാഹ്യലോകത്ത് വികസിച്ചിട്ടുണ്ട്. ഇന്ന് കിഴക്കൻ തുർക്കിസ്ഥാനിൽ നടക്കുന്ന കാര്യങ്ങൾ ശരിക്കും നിങ്ങൾക്കു മനസ്സിലാക്കണമെന്നുണ്ടെങ്കിൽ അതിന്റെ മൂലകാരണങ്ങൾ തേടണം. 2009 ജൂലൈയിലുണ്ടായ ഭീകരമായ സംഭവങ്ങളുടെ കാരണങ്ങൾ കുടികൊള്ളുന്നത് ചൈനീസ് സർക്കാർ നീണ്ടകാലമായി ഉഗ്യോറുകളോട് സ്വീകരിക്കുന്ന വിവേചനപരമായ നയങ്ങളിലും, അവരുടെ മതം രാഷ്ട്രീയം, വിദ്യാഭ്യാസം, ഭാഷ, സാമ്പത്തിക അവകാശങ്ങൾ എന്നിവയ്ക്കു നേരെ നടത്തിയ തുടർച്ചയായ അങ്ങേയറ്റം മോശമായ അടിച്ചമർത്തലിലുമാണ്. അതിനർത്ഥം ഉഗ്യൂറുകൾ ഇന്ന് തുറന്ന ജയിലിൽ കഴിയുന്നുവെന്നാണ്. അത് സാമൂഹ്യപരമായ സംഘർഷങ്ങൾ കൂട്ടുകയും അക്രമത്തിലേക്കു നീക്കുകയും ചെയ്യും. ഇതു പറയുമ്പോൾ ഞാൻ അക്രമത്തിന് അനുകൂലമായി ഒഴികഴിവുകൾ കണ്ടെത്തുകയല്ല. പകരം അതിനു പിന്നിലെ കാരണങ്ങൾ പറയുകയാണ്. വ്യക്തിപരമായി പറഞ്ഞാൽ അക്രമം ഒറ്റം അടഞ്ഞ തെരുവാണ് (ഡെഡ് എൻഡ് സ്ട്രീറ്റ്). അതിനാൽ തന്നെ ഡബ്ല്യു.യു.സി അക്രമാസക്തമായ പ്രവർത്തനങ്ങളെ അപലപിക്കുന്നു.

? ചൈന ആരോപിക്കുന്നത് സിൻജിയാങ്-ഉഗ്യൂർ സ്വയംഭരണ മേഖലയിലെ തീവ്രവാദ സംഘങ്ങൾ അൽകയ്ദ, മുൻസോവിയറ്റ് യൂണിയനിലെയിലെയും ചെച്നിയയിലെയും ഇസ്ലാമിക ഗ്രൂപ്പുകൾ, താലിബാൻ എന്നിവയിൽനിന്ന് പരിശീലനവും പ്രചോദനവും നേടുന്നതായിട്ടാണ്. എന്താണ് ഇതിനോടുള്ള താങ്കളുടെ പ്രതികരണം?

• കിഴക്കൻ തുർക്കിസ്ഥാനിലെ തീവ്രവാദ ഗ്രൂപ്പുകളെപ്പറ്റി പരാമർശിക്കുമ്പോൾ ചൈന ഉദ്ദേശിക്കുന്നത് കിഴക്കൻ തുർക്കിസ്ഥാൻ ഇസ്ലാമിക് മൂവ്മെന്റ് (ഇ.ടി.ഐ.എം) പോലുള്ള സംഘടനയെയാണ്. എന്നാൽ, പല വിദഗ്ധരും അക്കഡമീഷ്യൻമാരും ഇത്തരം ഗ്രൂപ്പുകളുടെ നിലനിൽപ്പിനെപ്പറ്റി ഗൗരവകരമായ സംശയങ്ങൾ ഉയർത്തിയിട്ടുണ്ട്. അവർ ചിന്തിക്കുന്നത് ഇവയെ ചൈനീസ് അധികാരികൾതന്നെ സൃഷ്ടിച്ചതായിട്ടാണ്; ഉഗ്യൂർ ജനതയെ പീഡിപ്പിക്കാൻ ഒരു കാരണം കണ്ടെത്താനായി.

? ചൈനയുടെ മറ്റൊരു ആരോപണം ഉഗ്യൂറുകൾക്ക് ദലൈലാമയുടെയും തായ്‌വാന്റെയും തുർക്കി ഇന്റലിജൻസ് ഏജൻസികളുടെയും പിന്തുണയുണ്ടെന്നാണ്? എന്തു പറയുന്നു.

• ദലൈലാമ തീർച്ചയായും ഉഗ്യൂർ പോരാട്ടങ്ങളോട് സഹാനുഭൂതിയുള്ള വ്യക്തിയാണ്. ചൈനീസ് അധികാരികളുടെ അധിനിവേശത്തിന്റെയും അടിച്ചമർത്തലിന്റെയും സമാനമായ ചരിത്രമാണ് തിബത്തൻകാർക്കും ഉഗ്യൂറുകൾക്കുമുള്ളത്. താങ്കൾക്കറിയാവുന്നതുപോലെ ദലൈലാമയും തിബത്തൻകാരും നടത്തുന്നത് ഞങ്ങൾ ചെയ്യുന്നതുപോലെ സമാധാനപരവും അക്രമരഹിതവുമായ സമരമാണ്. തായ്‌വാനിലെയും തുർക്കിയിലെയും ബുദ്ധിജീവികളും മനുഷ്യാവകാശപ്രവർത്തകരും മുൻകാലങ്ങളിൽ ഞങ്ങളെ പിന്തുണച്ചിരുന്നു.

? അറബ് രാജ്യങ്ങളിലെ ഉയർത്തെഴുന്നേൽപ്പുകളുടെ പശ്ചാത്തലത്തിൽ സമാനമായ ഉയർത്തെഴുന്നേൽപ്പുകൾ ഭയന്ന് ചൈനീസ് കമ്യൂണിസ്റ്റ് പാർട്ടി സിൻജിയാങ് മേഖലയിൽ നിയന്ത്രണങ്ങൾ കർശനമാക്കുന്നതായി കേൾക്കുന്നു. ചൈനയിലെ പല ഭാഗങ്ങളിലും വിപ്ലവശ്രമങ്ങൾ നടക്കുന്നുണ്ടോ?

• അറബ് ലോകത്തേതിനു സമാനമായ വിപ്ലവങ്ങൾക്ക് ചൈനയിൽ സമയമായി എന്നു ഞാൻ കരുതുന്നില്ല. അതിന് കുറച്ചുകൂടി സമയമെടുക്കും. ചൈനീസ് പൗരൻമാർ തയ്യാറാവാതെ അത്തരം സംഭവങ്ങൾ ചൈനയിൽ സാധ്യമല്ല. ഈ നിമിഷത്തിൽ, രാജ്യത്തിനുമേലുള്ള പാർട്ടിയുടെ നിയന്ത്രണം ശക്തമാണ്. അവർ വിമതരെ കടുത്ത രീതിയിൽ

**അറബ് ലോകത്തേതിനു സമാനമായ വിപ്ലവങ്ങൾക്ക് ചൈനയിൽ സമയമായി എന്നു ഞാൻ കരുതുന്നില്ല. അതിന് കുറച്ചു കൂടി സമയമെടുക്കും. ചൈനീസ് പൗരൻമാർ തയ്യാറാവാതെ അത്തരം സംഭവങ്ങൾ ചൈനയിൽ സാധ്യമല്ല. എന്നാൽ, ചൈനയിലെ വിമതശബ്ദങ്ങൾ കൂടുതൽ കൂടുതൽ ശക്തിയാർജിച്ചുകൊണ്ടിരിക്കുകയാണ് ചൈനയിൽ അധികം വൈകാതെതന്നെ ശക്തമായ സാമൂഹ്യ, രാഷ്ട്രീയ മാറ്റങ്ങൾ ഉണ്ടാകുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്.**



*ഉഗ്യൂർ സമരത്തെ പ്രതിരോധിക്കുന്ന ചൈനീസ് പട്ടാളം*

തുടർച്ചയായി അടിച്ചമർത്തുന്നുണ്ട്. എന്നാൽ, ചൈനയിലെ വിമതശബ്ദങ്ങൾ കൂടുതൽ കൂടുതൽ ശക്തിയാർജിച്ചുകൊണ്ടിരിക്കുകയാണ് ചൈനയിൽ അധികം വൈകാതെ തന്നെ ശക്തമായ സാമൂഹ്യ, രാഷ്ട്രീയ മാറ്റങ്ങൾ ഉണ്ടാകുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്.

? അമേരിക്ക സിൻജിയാങ്ങിലെ ഉഗ്യൂർ ജനതയുടെ രാഷ്ട്രീയ പ്രവർത്തനങ്ങളെ പിന്തുണയ്ക്കുന്നുണ്ട്. അതേ സമയം ചൈനയെ അമേരിക്ക 'ഭീകരതയ്ക്കെതിരെയുള്ള യുദ്ധ'ത്തിൽ തന്ത്രപരമായ പങ്കാളികളാക്കുകയും ബീജിങ്ങിൽ എഫ്.ബി.ഐ. ലീഗൽ അനുബന്ധം സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. കിഴക്കൻ തുർക്കിസ്ഥാൻ, തിബത്ത് എന്നിവയുടെ കാര്യത്തിൽ അമേരിക്കയുടെ നിലപാട് അവരുടെതന്നെ വിദേശ നയവുമായി വൈരുദ്ധ്യമുണ്ടോ? അവരുടെ ശരിയായ താൽപര്യം ചൈനീസ് നേതൃത്വത്തെ തകർക്കുകയാണ്, അല്ലാതെ, മർദിത ജനതയുടെ മോചനമല്ലെന്ന് താങ്കൾക്കു തോന്നുന്നില്ലേ?

• ചൈനയോടുള്ള അമേരിക്കയുടെ പെരുമാറ്റത്തിൽ അത്ഭുതമൊന്നുമില്ല. ചൈനയുമായി പോസ്റ്റീവായ ബന്ധങ്ങൾ സ്ഥാപിക്കാൻ താൽപര്യപ്പെടുന്ന മറ്റേതൊരു രാജ്യത്തെയുംപോലെ അമേരിക്കയും ചൈനീസ് അധികാരികളുമായി പല തലങ്ങളിലും ബന്ധം ഉറപ്പിക്കാൻ ശ്രമിക്കുന്നുണ്ട്. ലോകമെമ്പാടുമുള്ള പല സർക്കാരുകളുടെ വിദേശനയവും മനുഷ്യാവകാശ താൽപര്യങ്ങളും തമ്മിൽ വ്യക്തമായ വൈരുദ്ധ്യമുണ്ട്. പല പാശ്ചാത്യ രാജ്യങ്ങളും സ്വന്തം ജനതയ്ക്കും ഉഗ്യൂറുകൾക്കും നേരെയുള്ള ചൈനയുടെ മനുഷ്യാവകാശ ലംഘനങ്ങളെ അപലപിക്കുന്നുണ്ട്. അതേ സമയം അവർ ചൈനയുമായി മെച്ചപ്പെട്ട സാമ്പത്തികബന്ധങ്ങൾക്കും ശ്രമിക്കുന്നു. ഇതൊരു വൈരുദ്ധ്യമാണോ? തീർച്ചയായും അതെ. പക്ഷേ, നിർഭാഗ്യകരമെന്നുപറയാം ഇതേ രീതിയിലാണ് രാഷ്ട്രീയം പ്രവർത്തിക്കുന്നത്. ഈ വസ്തുതയ്ക്കു വിരുദ്ധമായി രാഷ്ട്രീയത്തിലെ പലരും ഞങ്ങളുടെ ലക്ഷ്യത്തെ ഉറച്ചരീതിയിൽ പിന്തുണയ്ക്കുന്നുണ്ട്. ഈ പിന്തുണ ഞങ്ങൾക്ക് വളരെ അവശ്യമാണ്. അതിനോടു ഞങ്ങൾ കടപ്പെട്ടിരിക്കുന്നു.

---

'ഫ്രണ്ട് ഓഫ് തിബത്ത്' എന്ന സംഘടനയുടെ സ്ഥാപകനും ആക്റ്റിവിസ്റ്റുമാണ് കൊച്ചി സ്വദേശിയായ സേതുദാസ്. ഡിസൈൻ ആൻഡ് പീപ്പിളിന്റെ സ്ഥാപകരിലൊരാളുമാണ്.